**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **26-07-2021 - ൽ മറുപടിയ്ക്ക്**

**നെടുമുടി - കരുവാറ്റ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ നെടുമുടി- കരുവാറ്റ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ; | (എ) | പി.ഡബ്ല്യൂഡി ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട് നെടുമുടി- കരുവാറ്റ റോഡിന്റെ പ്രവൃത്തി 2018-19 പ്രവൃത്തി സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. |
| (ബി) | നിർദ്ദിഷ്ട റോഡിന്റെ ഭാഗമായി എത്ര പാലങ്ങൾ നിർമ്മിക്കുന്നതിനാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളതെന്നും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം എന്തെന്നും വിശദീകരിക്കാമോ; | (ബി) | നിർദ്ദിഷ്ട റോഡിന്റെ ഭാഗമായി പടഹാരം പാലം, കോരംകുഴിപ്പാലം മുതലക്കുറിച്ചിക്കൽ പാലം, എന്നീ മൂന്ന് പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ഇതിൽ തകഴി, നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന പടഹാരം പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടി രിക്കുന്നു. പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഏകദേശം പകുതിയോളം പൂർത്തിയായിട്ടുണ്ട്. ഇതോടനുബന്ധിച്ച് നിർമ്മിക്കേണ്ട കോരംകുഴി പാലത്തിന് ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടി ല്ലാത്തതിനാൽ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. മൂന്നാമതായി നിർമ്മി ക്കേണ്ട ഹരിപ്പാട് മണ്ഡലത്തിലെ മുതലകുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ചു. ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി, സാങ്കേതികാനുമതി നൽകി വീണ്ടും ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും നെടുമുടി- കരുവാറ്റ റോഡിന്റെയും അതിനോടനുബന്ധിച്ചുള്ള പാലങ്ങളുടേയും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (സി) | നിർദ്ദിഷ്ട റോഡിന്റെ ഭാഗമായി പടഹാരം പാലം, കോരംകുഴിപ്പാലം മുതലക്കുറിച്ചിക്കൽ പാലം, എന്നീ മൂന്ന് പാലങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ഇതിൽ തകഴി, നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന പടഹാരം പാലത്തിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടി രിക്കുന്നു. പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഏകദേശം പകുതിയോളം |

| | | | |
|---|---|---|---|
| | | | പൂർത്തിയായിട്ടുണ്ട്. ഇതോടനുബന്ധിച്ച് നിർമ്മിക്കേണ്ട കോരംകുഴി പാലത്തിന് ബഡ്ജറ്റ് വിഹിതം നീക്കിവച്ചിട്ടി ല്ലാത്തതിനാൽ ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. മൂന്നാമതായി നിർമ്മി ക്കേണ്ട ഹരിപ്പാട് മണ്ഡലത്തിലെ മുതലകുറിച്ചിക്കൽ പാലത്തിന്റെ നിർമ്മാണം കരാറുകാരന്റെ നഷ്ടോത്തര വാദിത്വത്തിൽ പ്രവൃത്തി അവസാനിപ്പിച്ചു. ബാലൻസ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി, സാങ്കേതികാനുമതി നൽകി വീണ്ടും ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ